(സി) ഇതിൽ തലശ്ശേരി താലൂക്കിലെ തലശ്ശേരി, തിരുവങ്ങാട്, ധർമ്മടം, എരഞ്ഞോളി, കതിരൂർ, കോടിയേരി വില്ലേജുകളിലായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) വില്ലേജു തിരിച്ച് കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) 9,45,482 രൂപ.

(ബി) തലശ്ശേരി താലൂക്ക് 1,70,300 രൂപ
കണ്ണൂർ താലൂക്ക് 1,66,875 ,,
തളിപ്പറമ്പ് താലൂക്ക് 1,25,650 ,,

കൂടാതെ തലശ്ശേരി, കണ്ണൂർ മുനിസിപ്പാലിറ്റികളുടെ പരിധിയിൽ കേരള ജല-പാഴ്ജല അതോറിറ്റി വഴി ശുദ്ധജലം വിതരണം ചെയ്തിനു 4,82,657 രൂപയും ചെലവായിട്ടുണ്ട്.

(സി) 1,34,410 രൂപ.

(ഡി) വില്ലേജ് അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമല്ല.

തളിപ്പറമ്പ് താലൂക്ക് തലസ്ഥാനത്ത് ഒരു മിനി സിവിൽ സ്റ്റേഷൻ

676 [654] ശ്രീ. സി. പി. മുസ്സാൻകുട്ടി: താഴെകാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തളിപ്പറമ്പ് താലൂക്ക് തലസ്ഥാനത്ത് ഇന്നുള്ള സ്ഥല സൗകര്യക്കുറവ് പരിഹരിക്കാൻ ഒരു മിനി സിവിൽ സ്റ്റേഷൻ പണിയാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കുന്നതിലേക്ക് അംഗീകരിച്ചിട്ടുള്ള എട്ടു മിനി സിവിൽ സ്റ്റേഷനുകളിൽ തളിപ്പറമ്പ് ഉൾപ്പെടുത്തിയിട്ടില്ല. തളിപ്പറമ്പിൽ ഒരു മിനി സിവിൽ സ്റ്റേഷൻ പണിയുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ഇരിഞ്ഞാലക്കുടയിൽ ഒരു മിനി സിവിൽ സ്റ്റേഷൻ

677 [655] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിഞ്ഞാലക്കുടയിൽ മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കാൻ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) 1986–87 വർഷത്തിൽ തന്നെ സിവിൽ സ്റ്റേഷന്റെ പണി ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇരിഞ്ഞാലക്കുടയിൽ മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിന് പന്ത്രണ്ട് ഏക്കറോളം വിസ്തീർണ്ണമുള്ള ഒരു പുറമ്പോക്കു സ്ഥലം കൈമാറ്റം ചെയ്യാൻ ജില്ലാ കലക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിർദ്ദിഷ്ട സ്ഥലം ഇതുവരെ കൈമാറിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly